# നാട്ടുവിശേഷം

## സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും

തിരുവനന്തപുരം: ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ ആശുപത്രിയും ശ്രീനാരായണ മെഡിക്കൽ മിഷൻ കോളേജ് ഒഫ് നഴ്സിംഗിലെ നാലാം വർഷ ബി.എസ്സി നഴ്സിംഗ് വിദ്യാർത്ഥികളും മന്നാനിയ പബ്ലിക് സ്കൂളിൽ 22ന് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തും. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരുമണിവരെയാണ് ക്യാമ്പ്. രജിസ്ട്രേഷന് 0470 - 3259582 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

## പെൻഷനേഴ്സ് യൂണിയൻ നെയ്യാറ്റിൻകര ബ്ലോക്ക് ഓഫീസ് മന്ദിര ശിലാസ്ഥാപനം

നെയ്യാറ്റിൻകര: കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ നെയ്യാറ്റിൻകര ബ്ലോക്ക് ഓഫീസ് പുതുതായി നിർമ്മിക്കുന്ന ഓഫീസ് കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം കെ. ആൻസലൻ എം.എൽ.എ നിർവ്വഹിച്ചു. അതിയന്നൂർ ബ്ലോക്ക് പ്രസിഡന്റ് ജെ. സുകുമാരൻ അദ്ധ്യക്ഷത വഹിച്ചു.

## മാരായമുട്ടം സഹകരണബാങ്ക് എംപ്ലോയീസ് കോൺഗ്രസ്

നെയ്യാറ്റിൻകര: മാരായമുട്ടം സഹകരണബാങ്ക് എംപ്ലോയീസ് കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സഹകരണ സാന്ത്വനം പദ്ധതി ഡോ. ശശിതരൂർ എം.പി ഉദ്ഘാടനം ചെയ്തു. എം.എസ്. അനിൽ അദ്ധ്യക്ഷത വഹിച്ചു.

## മറവിരോഗ ബോധവത്കരണ ക്ലാസ്

തിരുവനന്തപുരം: ശ്രീകാര്യം ശാന്തി നഗർ റസിഡന്റ്സ് അസോസിയേഷനും സീനിയർ സിറ്റിസൺസ് സമിതി, അനുഗ്രഹം ന്യൂറോ കെയർ തിരുവനന്തപുരം എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ മറവിരോഗവും പരിഹാരവും എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. അസോസിയേഷൻ പ്രസിഡന്റ് ജി. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ. ചന്ദ്രശേഖരൻനായർ, ഫ്രാറ്റ് ശ്രീകാര്യം പ്രസിഡന്റ് കരിയം വിജയകുമാർ, സെക്രട്ടറി പി. എസ്. സന്തോഷ്കുമാർ, സീനിയർ സിറ്റിസൺസ് ഫോറം സെക്രട്ടറി വി. സോമൻ എന്നിവർ സംസാരിച്ചു.

## കോലം കത്തിച്ച് പ്രതിഷേധിച്ചു

കോവളം: ശശിതരൂർ എം.പിക്കെതിരെ ബി.ജെ,പി, യുവമോർച്ചാ പ്രവർത്തകർ നടത്തുന്ന കരിങ്കൊടി, കരി ഓയിൽ പ്രതിഷേധങ്ങൾക്കെതിരെ വെങ്ങാനൂരിൽ കോൺഗ്രസ് പ്രവർത്തകർ നരേന്ദ്രമോദിയുടെ കോലം കത്തിച്ച് പ്രതിഷേധിച്ചു. ഡിസിസി ട്രഷറർ കെ.വി. അഭിലാഷ്, മണ്ഡലം പ്രസിഡന്റ് മുജീബ് റഹ്മാൻ, ജോണി, സുജി. സിദ്ദീക്ക് തുടങ്ങിയവർ നേതൃത്വം നൽകി.

## പട്ടം എൻ.എസ്.എസ് കരയോഗം

തിരുവനന്തപുരം: പട്ടം എൻ.എസ്.എസ് കരയോഗത്തിന്റെ പൊതുയോഗം താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് എം. വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡന്റ് അഡ്വ. വി.പി. മാധവ പണിക്കർ അദ്ധ്യക്ഷത വഹിച്ചു. ഭാരവാഹികൾ: കമലാലയം സുകുമാരൻ നായർ (പ്രസിഡന്റ്), ജെ. ശങ്കുണ്ണി നായർ (വൈസ് പ്രസിഡന്റ്), വി. കൃഷ്ണൻകുട്ടിനായർ (സെക്രട്ടറി), ബി. മധു (ജോയിന്റ് സെക്രട്ടറി), കെ. സുകുമാരൻ നായർ (ട്രഷറർ). വനിതാ സമാജം ഭാരവാഹികൾ: നിർമ്മലാ രവീന്ദ്രനാഥ് (പ്രസിഡന്റ്), സി. കനകമ്മ (വൈസ് പ്രസിഡന്റ്), സീതാ സുകുമാരൻനായർ (സെക്രട്ടറി), ശ്രീകല പ്രസന്നകുമാർ (ജോയിന്റ് സെക്രട്ടറി), എം.എൽ. സരളാദേവി (ട്രഷറർ).

## ചാങ്ങാട്ട് ശ്രീ ഭഗവതി വിലാസം സംഘം

കല്ലമ്പലം: തോട്ടയ്ക്കാട് ചാങ്ങാട്ട് ശ്രീ ഭഗവതി വിലാസം സംഘത്തിന്റെ വാർഷിക പൊതുയോഗം സംഘം രക്ഷാധികാരി ഡോ. കെ. പീതാംബരൻപിള്ള ഉദ്ഘാടനം ചെയ്തു. ഭാരവാഹികൾ: ജയേഷ് കടുവയിൽ (പ്രസിഡന്റ്), മുകേഷ് (ജനറൽ സെക്രട്ടറി) അനൂപ് (ട്രഷറർ) ശശികുമാർ (ജോയിന്റ് സെക്രട്ടറി).

## നേതൃയോഗം

തിരുവനന്തപുരം: ജാതിയുടെ പേരിൽ കേരളത്തിൽ നടക്കുന്ന ദുരഭിമാന കൊലകൾ അപമാനകരമെന്ന് കെ.പി.എം.എസ് ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ പറഞ്ഞു. മഹാത്മാ അയ്യൻകാളിയുടെ 155-ാം ജയന്തി ആഘോഷവും വില്ലുവണ്ടി യാത്രയുടെ 125-ാം വാർഷികവും ആഗസ്റ്റ് 26ന് നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ഏരിയാ കമ്മിറ്റി സംഘടിപ്പിച്ച നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചാലക്കുഴി ഗോപി അദ്ധ്യക്ഷത വഹിച്ചു.

## കാർഗിൽ സ്മരണ 24ന്

തിരുവനന്തപുരം: കാർഗിൽ സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ഭാരതത്തിനായി വീരമൃത്യുവരിച്ച ധീരജവാന്മാരുടെ സ്മരണയ്ക്കായി 24ന് വൈകിട്ട് 5.30ന് പൂന്തുറ പാർക്കിനു സമീപം കാർഗിൽ സാംസ്കാരിക വേദി അനുസ്മരണ സമ്മേളനം നടത്തും. മേയർ വി.കെ. പ്രശാന്ത്, കെ. മുരളീധരൻ എം.എൽ.എ, പാളയം രാജൻ, പൂന്തുറ ഇടവക വികാരി ഫാ. ബെബിൻസൻ, അഡ്വ. സതീഷ്കുമാർ, ഡെയ്സി ജേക്കബ്, ജെസീന്ത മോറിസ്. വേദി പ്രസിഡന്റ് കുഞ്ഞുമോൾ ജെറോമി തുടങ്ങിയവർ പങ്കെടുക്കും.

## പെരുങ്കടവിളയിൽ ജയിൽ വാർഡർ

# ദുരൂഹ സാഹചര്യത്തിൽ മരിച്ചനിലയിൽ

### ■കൊലപാതകമാണെന്ന് ബന്ധുക്കൾ



*ജോഷിൻദാസിനെ മരിച്ച നിലയിൽ കണ്ടെത്തിയ വീട് ഇൻസെറ്റിൽ ജോഷിൻ*

നെയ്യാറ്റിൻകര: നിർമ്മാണം നടന്നുകൊണ്ടിരുന്ന വീട്ടിൽ പൂജപ്പുര ജില്ലാ ജയിലിലെ വാർഡറെ ദുരൂഹ സാഹചര്യത്തിൽ തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തി. പെരുങ്കടവിള ആലത്തൂർ തെക്കേകുഴിവിള വീട്ടിൽ പരേതനായ ക്രിസ്തുദാസിന്റെയും ഷോബിതയുടെയും മകൻ ജോഷിൻ ദാസിനെയാണ് (27) മരിച്ച നിലയിൽ കണ്ടത്. പെരുങ്കടവിള ആലത്തൂർ - കാക്കണം റോഡിന്റെ വശത്ത് നിർമ്മാണം നടന്നുകൊണ്ടിരുന്ന പുതിയ വീട്ടിലെ കിടപ്പുമുറിയിൽ ഫാനിന്റെ ഹുക്കിൽ പ്ലാസ്റ്റിക് കയറിൽ തൂങ്ങിയ നിലയിലാണ് മൃതദേഹം കണ്ടെത്തിയത്.

ഇന്നലെ രാത്രി ജോഷിൻദാസിനെ അന്വേഷിച്ചെത്തിയ ബന്ധു ഷെറിൻ രാജാണ് മൃതദേഹം കാണപ്പെട്ട വിവരം നാട്ടുകാരെയും ബന്ധുക്കളെയും അറിയിച്ചത്. ജോഷിൻ ദാസിന്റെ വീക്കലി ഓഫ് ദിവസമായിരുന്നു ഇന്നലെ. വീട്ടുപണി നടക്കുന്ന കുടുംബ വീട്ടിന് അര കിലോമീറ്റർ അകലെയുള്ള വാടക വീട്ടിൽ നിന്ന് പെരുങ്കടവിളയിലെ തുന്നൽകടയിൽ തയ്ക്കാൻ നൽകിയ യൂണിഫോം വാങ്ങാനായി ബൈക്കിൽ പോയ ജോഷിൻദാസിനെ കാണാത്തതിനാലാണ് വീട്ടുപണി സ്ഥലത്ത് ഷെറിൻ രാജ് അന്വേഷിച്ചെത്തിയത്.

വീടിന്റെ മുന്നിൽ ബൈക്ക് വച്ചിരിക്കുന്നത് കണ്ട് അകത്ത് കടന്നപ്പോഴാണ് മൃതദേഹം കണ്ടത്. കടയിൽ നിന്ന് വാങ്ങികൊണ്ടുവന്ന യൂണിഫോം ബൈക്കിന്റെ ബാഗിൽ സൂക്ഷിച്ചിട്ടുണ്ട്. പാന്റും ഷർട്ടും ധരിച്ച ജോഷിൻദാസിന്റെ ഇരുകൈകളും ശരീരത്തോട് ചേർത്ത് ബന്ധിച്ച അതേ കയറിൽ ഫാനിന്റെ ഹുക്ക് വഴി കുരുക്കിട്ട് ജനലഴിയിൽ ബന്ധിച്ചിരിക്കുകയാണ്. വായ് തുണികൊണ്ട് മൂടി വട്ടം കെട്ടിയിട്ടുണ്ട്. ഫോണും വാച്ചും തറയിൽ വീണ നിലയിലാണ്. മുറിയ്ക്കുള്ളിൽ നിർമ്മാണത്തിന് കൂട്ടിയിട്ട മണലും സിമന്റും ചവിട്ടിമെതിച്ചിട്ടുണ്ട്. മുറിയ്ക്കുള്ളിൽ സ്ഥാപിച്ചിരുന്ന എൽ.ഇ.ഡി ലൈറ്റും മറിഞ്ഞുകിടക്കുകയാണ്.

സംഭവത്തിൽ സംശയം തോന്നിയ ഷെറിൻരാജ് അറിയിച്ചതനുസരിച്ച് നെയ്യാറ്റിൻകര ഡിവൈ. എസ്. പിയുടെ നേതൃത്വത്തിൽ പൊലീസ് സ്ഥലത്തെത്തി ഇന്നലെ രാത്രി മുതൽ വീട് പൊലീസ് കാവലിലാക്കി. സംഭവത്തിൽ ദുരൂഹതയുള്ളതായി നാട്ടുകാരും ബന്ധുക്കളും ആരോപിച്ചതിന്റെ അടിസ്ഥാനത്തിൽ ഫോറൻസിക് വിദഗ്ദ്ധരുടെ സഹായത്തോടെ തെളിവെടുപ്പ് ആരംഭിച്ചിട്ടുണ്ട്. മൃതദേഹത്തിന് പുറമേ പരിക്കുകളൊന്നും കണ്ടെത്തിയിട്ടില്ല. തൊട്ടടുത്ത വീട്ടിൽ ആൾ താമസമില്ലാത്തതിനാൽ വീട്ടിൽ മറ്റാരെങ്കിലും വന്നുപോയതായുള്ള വിവരമൊന്നും പൊലീസിന് ലഭിച്ചിട്ടില്ല.

ഇന്നലെ വൈകുന്നേരം ജോലിക്കാർ പോയശേഷമാണ് ജോഷിൻദാസ് ഇവിടെയെത്തിയത്. ജില്ലാ ജയിലിൽ ഇന്ന് നൈറ്റ് ഡ്യൂട്ടിയ്ക്ക് ഹാജരാകേണ്ട ജോഷിൻദാസിന്റെ മരണവാർത്തയറിഞ്ഞ് സഹപ്രവർത്തകരുൾപ്പെടെവൻ ജനാവലി സ്ഥലത്തെത്തിയിട്ടുണ്ട്. ഇൻക്വസ്റ്റ് തയ്യാറാക്കിയശേഷം മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റും. അതിനുശേഷമേ സംഭവം കൊലപാതകമാണോ ആത്മഹത്യയാണോയെന്ന് വ്യക്തമാക്കാൻ കഴിയൂവെന്ന് നെയ്യാറ്റിൻകര ഡിവൈ. എസ്.പി ഹരികുമാർ പറഞ്ഞു.

എന്നാൽ ജോഷിൻദാസിന് ആത്മഹത്യ ചെയ്യേണ്ട സാഹചര്യമൊന്നും ഇല്ലെന്നും സംഭവം കൊലപാതകമാണെന്ന് സംശയിക്കുന്നതായും ബന്ധുക്കൾ ആരോപിച്ചു. മദ്യപാനമോ മറ്റ് ദുശീലങ്ങളോ ഇല്ലാത്ത ജോഷിൻ ദാസിന്റെ മൃതദേഹം കാണപ്പെട്ട മുറിയ്ക്കുള്ളിൽ ബലപ്രയോഗത്തിന്റെ ലക്ഷണങ്ങളുള്ളതായും കൈകൾ ശരീരത്തോട് ബന്ധിച്ചതും വാ മൂടികെട്ടിയതും അപായപ്പെടുത്തിയതിന്റെ സൂചനകളാണെന്നും വീട്ടുകാർ ആരോപിക്കുന്നു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം വൈകുന്നേരത്തോടെ വീട്ടുവളപ്പിൽ സംസ്കരിക്കും.

## അമ്പലമുക്കിൽ ട്രാൻ. ബസ് ആട്ടോയിലും പോസ്റ്റിലും ഇടിച്ചു




*അമ്പലംമുക്കിൽ ഓട്ടോയിൽ ഇടിച്ചശേഷം പോസ്റ്റിൽ ഇടിച്ചുനിന്ന ബസ്*

തിരുവനന്തപുരം: അമ്പലമുക്കിൽ നിയന്ത്രണം വിട്ട കെ.എസ്.ആർ.ടി.സി ബസ് വൈദ്യുതി പോസ്റ്റിലിടിച്ചുണ്ടായ അപകടത്തിൽപെട്ട് ഇരുപതോളം പേർക്ക് പരിക്കേറ്റു. ഇന്ന് രാവിലെ ഒൻപതരയോടെ അമ്പലംമുക്ക് കുരിശടിക്ക് സമീപമാണ് അപകടമുണ്ടായത്. പരിക്കുകൾ നിസാരമാണ്.

പേരൂർക്കട ഭാഗത്ത് നിന്ന് വെള്ളയമ്പലത്തേക്ക് വരികയായിരുന്ന കെ.എസ്.ആർ.ടി.സി ബസാണ് അപകടത്തിൽപെട്ടത്. അമിതവേഗത്തിലായിരുന്ന ബസ് മുന്നിൽ പോയ ആട്ടോറിക്ഷയിൽ ഇടിക്കുകയായിരുന്നു. ആട്ടോ സഡൻ ബ്രേക്കിട്ടതിനെത്തുടർന്നാണ് പിന്നിലിടിച്ചത്. തുടർന്ന് നിയന്ത്രണം വിട്ട് റോഡരികിൽ നിന്ന വൈദ്യുതി പോസ്റ്റിൽ ഇടിച്ചാണ് ബസ് നിന്നത്. പോസ്റ്റ് മറിഞ്ഞുവീണു.

ഓഫീസ് സമയമായതിനാൽ ബസിൽ നല്ല തിരക്കായിരുന്നുവെന്ന് പൊലീസ് പറയുന്നു. അപകടത്തിന്റെ ആഘാതത്തിൽ ബസിനുള്ളിൽ വീണാണ് യാത്രക്കാർക്ക് പരിക്കേറ്റത്. ആട്ടോറിക്ഷ ഡ്രൈവർക്കും പരിക്കേറ്റിട്ടുണ്ട്. ഇവരെ പേരൂർക്കട സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തെത്തുടർന്ന് റോഡിൽ ഗതാഗതം തടസപ്പെട്ടു. പേരൂർക്കട പൊലീസെത്തിയാണ് സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കിയത്.

## പെൺകുട്ടിയെ നുള്ളിയ അദ്ധ്യാപകനെതിരെ കേസ്

കൊല്ലം: പതിമൂന്നുകാരിയെ പതിവായി നുള്ളി നോവിച്ച ട്യൂട്ടോറിയൽ അദ്ധ്യാപകനെതിരെ പോക്സോ നിയമ പ്രകാരം കേസെടുത്തു.

കരിങ്ങന്നൂരിലെ സമാന്തര വിദ്യാഭ്യാസ സ്ഥാപനത്തിലെ അദ്ധ്യാപകനാണ് അറസ്റ്റിലായത്. പഠന സംബന്ധമായ കാരണങ്ങൾ കണ്ടെത്തി ഈ അദ്ധ്യാപകൻ പെൺകുട്ടിയെ നുള്ളുന്നത് ബോധപൂർവമാണെന്നാണ് പരാതി.

ഇടതുകൈ കൊണ്ട് കുട്ടിയുടെ മറുവശത്തെ കൈയ്യിൽ നുള്ളുന്ന അദ്ധ്യാപകൻ ഇതിനിടെ കുട്ടിയുടെ സ്വകാര്യ ഭാഗങ്ങളിൽ സ്പർശിക്കാൻ ശ്രമിച്ചതാണ് കേസിന് ആസ്പദമായത്. കുട്ടിയുടെ രക്ഷിതാക്കൾ പൂയപ്പള്ളി പൊലീസിൽ പരാതി നൽകി.

അദ്ധ്യാപകൻ ഇന്ന് പൊലീസ് സ്റ്റേഷനിൽ ഹാജരാകുമെന്ന് പൊലീസ് പറഞ്ഞു.

## പാറശാല ബ്ലോക്ക് പഞ്ചായത്തിന് മുന്നിൽ കോൺഗ്രസിന്റെ സത്യാഗ്രഹം

പാറശാല: കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് പാറശാല വികസനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ നിലവിലെ എൽ.ഡി.എഫ് ഭരണസമിതി നടപ്പിലാക്കുന്നില്ലെന്ന് ആരോപിച്ച് കോൺഗ്രസ് പ്രവർത്തകർ പാറശാല ബ്ലോക്ക് പഞ്ചായത്തിന് മുന്നിൽ സത്യാഗ്രഹം നടത്തുന്നു. ഇന്ന് രാവിലെ ആരംഭിച്ച സത്യാഗ്രഹത്തിൽ മുൻ കോൺഗ്രസ് എം.എൽ.എമാരായ എ.ടി ജോർജ്ജ്, ആർ. സെൽവരാജ് തുടങ്ങിയ നേതാക്കൾ പങ്കെടുക്കുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന് പുതിയ മന്ദിരം നിർമിക്കുന്നതിനായി കഴിഞ്ഞ യു.ഡി.എഫ് സർക്കാർ അനുവദിച്ച ഒരു കോടി പതിനഞ്ച് ലക്ഷം രൂപയുടെ ഫണ്ട് പാഴാകാതിരിക്കാൻ ഉടൻ കെട്ടിട നിർമ്മാണം ആരംഭിക്കുക, അമ്മയും കുഞ്ഞും പദ്ധതി പ്രകാരം അനുവദിച്ച ഫണ്ട് ഉപയോഗിച്ച് നിർമിച്ച പാറശാല താലൂക്ക് ആശുപത്രിയിലെ കെട്ടിടം രോഗികൾക്കായി തുറന്ന് കൊടുക്കുക, ആശുപത്രിയിലെ മലിനജലം ശുദ്ധീകരിക്കുന്നതിനായുള്ള പ്ലാന്റ് സജ്ജീകരിക്കുക തുടങ്ങിയവയാണ് പ്രധാന ആവശ്യങ്ങൾ.

## തൊഴിൽ രഹിത വേതനം

വെമ്പായം; മാണിക്കൽ ഗ്രാമ പഞ്ചായത്തിൽ തൊഴിൽരഹിത വേതനം വിതരണം 21, 23, 24, 25 തീയതികളിൽ നടക്കും. ഗുണഭോക്താക്കൾ വേതനം കൈപ്പറ്റുന്നതിന് 2018-19 വർഷത്തെ കെട്ടിട നികുതി അടച്ച രസീതുമായി എത്തണമെന്ന് സെക്രട്ടറി അറിയിച്ചു.